സെക്രട്ടറിക്ക് അവയുടെ പണിക്കാവശ്യമായ ഡിക്സെൻ അയച്ചുകൊടുക്കുകയും ചെയ്തു. പിന്നീട് ആ കമ്മിറ്റിയുടെ യാതൊരു വിവരവുമില്ല. മെമ്പർക്ക് ഇതിനെക്കുറിച്ച് എന്തെങ്കിലും അറിയാമെങ്കിൽ ഒന്നു അറിയിച്ചാൽ നമുക്ക് ബാക്കി എന്തു ചെയ്യാമെന്നു ആലോചിക്കാവുന്നതാണ്.

(6) കാണിപ്പറ്റ ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെ ശ്രദ്ധയ്ക്കാണ് എന്റെ ഈ സബ്മിഷൻ. നെയ്യാർഡാം അഞ്ചു ചങ്ങല കാണിപ്പറ്റ ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചാണ് സബ്മിഷൻ. ഏതാണ്ട് 25 വർഷക്കാലമായി 2,500—ളം കർഷകകുടുംബങ്ങളുടെ ആവശ്യമാണിത്. രണ്ടു സെന്റുമുതൽ 5 ഏക്കർ വരെ കൃഷിയുള്ള കൈവശക്കാർ അവിടെയുണ്ട്. മണിയങ്ങാടൻ കമ്മീഷൻ റിപ്പോർട്ടനുസരിച്ചു കാലാവധിയില്ലാത്ത കുത്തകപ്പാട്ടം ലഭിച്ചതാണ്. മണ്ണാലിപ്പു തടയണമെന്നു ആ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആ റിപ്പോർട്ടനുസരിച്ചു ഭൂമിയുടെ സ്ഥിരാവകാശം നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. അതിനുശേഷം 1982—ൽ ഈ ഗവൺമെന്റിന്റെ തന്നെ റവന്യൂ ഇറിഗേഷൻ സെക്രട്ടറിമാർ സ്ഥലത്തുപോയി അതിനെക്കുറിച്ചു അന്വേഷണം നടത്തുകയും മണ്ണാലിപ്പ് തടയുന്ന ആളുകൾക്ക് പട്ടയം കൊടുക്കേണ്ടതാണെന്നു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. 1984 നവംബർ 16—ാം തീയതി ഇതു മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് പോയതിനുശേഷം നാളിതുവരെ അതെന്തായി എന്ന് ആർക്കും അറിഞ്ഞുകൂടാ. ദയവു ചെയ്ത് ബഹുമാനപ്പെട്ട മന്ത്രി ഇതിനുവേണ്ട നടപടികളെടുത്ത് ആ സാധുക്കളായ കർഷകർക്ക് ആശ്വാസം കിട്ടത്തക്കതരത്തിൽ പട്ടയം കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് ഗവൺമെന്റിനു കിട്ടിയിട്ടുണ്ട്. ജില്ലാ കളക്ടറും ഇറിഗേഷൻ റവന്യൂ സെക്രട്ടറിമാരുമെല്ലാം ചേർന്നു സമർപ്പിച്ച റിപ്പോർട്ടാണ്. അതിൽ ചില പ്രായോഗിക പ്രശ്നങ്ങളുണ്ട്. മുഖ്യമന്ത്രിയുടേയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടേയും റവന്യൂ—ഇറിഗേഷൻ മന്ത്രിമാരുടേയും ഒരു സംയുക്ത യോഗം ഇതിനുവേണ്ടി വിളിച്ചിരിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു. ഏറ്റവുംവേഗം തീരുമാനമെടുക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(7) മാവേലിക്കര കുറത്തികാട് ആശുപത്രി കെട്ടിടത്തിന്റെ ശോച്യാവസ്ഥ

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുറത്തികാട് പ്രാഥമികാരോഗ്യകേന്ദ്രം പണി കഴിപ്പിച്ചിട്ട് 35 വർഷമായി. ആ കെട്ടിടം നാട്ടുകാർ പണി കഴിപ്പിച്ചു കൊടുത്തതാണ്. അതിനുശേഷം ഇതുവരെ 5 പൈസ ചെലവാക്കി അതിൽ യാതൊരു സംരക്ഷണപ്പണികളും നടത്താത്തതിന്റെ ഫലമായി മഴ പെയ്തുകഴിഞ്ഞാൽ ഒരു തുള്ളി വെള്ളംപോലും വെളിയിൽ പോകാറില്ല അതുമുഴുവൻ അതിനകത്തു കെട്ടിനിൽക്കുകയാണ്. അതൊന്നു അറ്റകുറ്റപ്പണി നടത്തണമെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. ഈയടുത്ത ദിവസം അവിടെ ഒരു സംഘർഷമുണ്ടായി. അവിടെ നാട്ടുകാർതന്നെ പണി കഴിപ്പിച്ചുകൊടുത്ത ഒരു പ്രസവവാർഡുണ്ട്. ഒരു സ്ത്രീ അവിടെവന്നു പ്രസവിച്ചു

LIBRARY ARCHIVES Kerala Legislative Assembly

രാത്രി 12 മണി സമയത്താണ് പ്രസവിച്ചത്. പ്രസവിച്ചുകഴിഞ്ഞ ആ സ്ത്രീ ക്ഷീണംകൊണ്ടു മയങ്ങിപ്പോയി. കൂടെവന്ന അമ്മയും മയങ്ങിപ്പോയി. മയക്കം കഴിഞ്ഞു തള്ള കണ്ണു തുറന്നുനോക്കുമ്പോൾ കുട്ടിയെ കണ്ടില്ല. നല്ല ഇരുട്ടായിരുന്നു. അവിടെയെല്ലാം ഓടിനടന്നു നോക്കി. അവസാനം കുട്ടിയുടെ കരച്ചിൽ കേട്ടു ഓടിച്ചെന്നപ്പോൾ ഒരു പട്ടി ഈ കുഞ്ഞിനെ കടിച്ചെടുത്തുകൊണ്ട് പോകുന്നതാണ് കണ്ടത്. ഏതായാലും കുഞ്ഞിന് അപകടമുണ്ടായില്ല. ആ തള്ളയ്ക്ക് പട്ടിയുമായുള്ള മൽപ്പിടുത്തത്തിൽ പരിക്കേൽക്കുകയുംചെയ്തു. അതാണ് സ്ഥിതി. ആ ആശുപത്രിയ്ക്ക് കുതകില്ല. യാതൊരു സംരക്ഷണവുമില്ലാത്ത സ്ഥിതിയാണ്. അതുകൊണ്ട് ഈ ആശുപത്രിയുടെ അറകുറപ്പണികൾ തീർത്ത് ആശുപത്രി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ ആശുപത്രിയുടെ അറകുറപ്പണി നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പി. ഡബ്ലിയു. ഡി. അതു ഏറ്റെടുത്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾക്ക് ഉൾക്കൊള്ളിക്കുവാൻ കൂടുതൽ പണം ഈ ബഡ്ജറ്റിൽ ഉണ്ടായിരുന്നില്ല. അടുത്ത വർഷം കൂടുതൽ പണം ഉൾക്കൊള്ളിച്ചു പണി ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കാം.

(8) ഖാദി—ഗ്രാമ വ്യവസായത്തൊഴിലാളികളുടെ കൂലിവർദ്ധിപ്പിക്കൽ

ശ്രീ. എ. കെ. പത്മനാഭൻ: സർ, ഖാദി-ഗ്രാമവ്യവസായത്തിലെ ഏകദേശം ഒമ്പതിനായിരത്തോളം വരുന്ന തൊഴിലാളികളിൽ ഭൂരിപക്ഷത്തിനും തുച്ഛമായ കൂലിയാണ് ഇന്നു കിട്ടുന്നത്. 1985—ൽ ഖാദി കമ്മീഷൻ പുതുക്കിയ കോസ്റ്റ് ചാർജ് പ്രകാരം ഇന്നു രണ്ടും മൂന്നും രൂപ പ്രതിദിനം കൂലി കിട്ടുന്ന തൊഴിലാളികളുണ്ട്. അവർക്ക് തൊഴിൽ നിയമങ്ങളൊന്നും ബാധകമല്ല. ക്ഷേമനിധിയില്ല. ലീവില്ല. പെൻഷനില്ല. അതുകൊണ്ട് ഈ ഖാദിതൊഴിലാളികളുടെ കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിച്ച് അവർക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കാനും മിനിമം വേജസ് ഏർപ്പെടുത്താനും ക്ഷേമനിധി ഏർപ്പെടുത്താനും നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, 1—4—1985—ൽ പുതുക്കിയ കോസ്റ്റ് ചാർട്ട് പ്രകാരം ഖാദികമ്മീഷന്റെ പുതിയ വേതനം മസ്ലിൻ നൂൽനൂൽപ്പുകാർക്ക് 10 രൂപയും നൂൽ മോഡൽ ചർക്കയിൽ നൂൽ നൂൽക്കുന്നവർക്ക് 7 രൂപയും നെയ്ത്തുകാർക്ക് 12 രൂപയുമാണ്. ഇതു ഖാദികമ്മീഷന്റെ കോസ്റ്റ് ചാർട്ടനുസരിച്ചു അവരാണു പുതുക്കി നിർണ്ണയിക്കുന്നത്. ഖാദി ബോർഡ് ജീവനക്കാർക്കു വേണ്ടിയുള്ള ഒരു ക്ഷേമനിധി ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്. ഖാദി ബോർഡിന്റെ കീഴിലുള്ള ഇരുപത്തയ്യായിരത്തിൽപ്പരം വരുന്ന ആളുകൾക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി, വൈദ്യസഹായം എന്നിവയ്ക്കെല്ലാംകൂടി ഏതാണ്ട് 250 ലക്ഷം രൂപ ആദ്യഘട്ടത്തിലേക്ക് വേണ്ടിവരുമെന്നു കണക്കാക്കപ്പെടുന്നു. 125 ലക്ഷം രൂപ സംസ്ഥാന ഗവൺമെന്റ് നൽകണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള സമഗ്രമായ പദ്ധതി ഖാദി പ്രസ്ഥാനത്തിൽ ശരിയാക്കി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly